milma

**Malabar Regional Co-operative Milk Producers' Union Ltd.**

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

**No:MRU:P&I:15:MLP: 765** **27.02.2025**

**സർക്കുലർ 1037 /2025**

**വിഷയം:- അധിക പാൽ വില നൽകുന്നത് സംബന്ധിച്ച്.**

**സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 27.02.2025 തിയ്യതിയിലെ 2/(GEN)/5-ാം നമ്പർ തീരുമാനം.**

മിൽമ മലബാർ മേഖലാ യൂണിയൻ 2024 ഏപ്രിൽ, മെയ്, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാന മാക്കി യഥാക്രമം 2024 നവംബർ, ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലിറ്ററിന് 1 രൂപ വീതം അധിക പാൽ വില നൽകും എന്ന് അറിയിച്ചിരുന്നു. ഇതിന് പുറമെ 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മേഖലാ യൂണിയന് നൽകിയ പാലളവിനെ അടിസ്ഥാനമാക്കി **എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും നിശ്ചിത ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 1 രൂപ 50 പൈസ വീതം കൂടി അധിക പാൽ വില നൽകുന്നതിന് മേഖലാ യൂണിയന്റെ 2025 ഫെബ്രുവരി മാസം 27-ാം തീയ്യതി ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.** ഇങ്ങനെ നൽകുമ്പോൾ ക്ഷീര കർഷകർക്ക് ഈ മൂന്ന് മാസങ്ങളിൽ ആകെ അധിക പാൽ വിലയായി 1 ലിറ്റർ പാലിന് **2 രൂപ 50 പൈസ** ലഭിക്കുന്നതാണ്. ഇത് പാലിന്റെ ഗുണനിലവാരം അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 1.50 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 1 രൂപ 25 പൈസ പ്രകാരം. |

- എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും, 2025 ജനുവരി 1 മുതൽ 31 വരെ മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാനമാക്കി, 2025 ഫെബ്രുവരി മാസത്തെ മൂന്നാമത്തെ പാൽവിലയോടൊപ്പം അധിക പാൽവില നൽകുന്നതാണ്.

- എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും, 2025 ഫെബ്രുവരി 1 മുതൽ 28 വരെ മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാനമാക്കി, 2025 ഫെബ്രുവരി മാസത്തെ നാലാമത്തെ ബില്ലായി അധിക പാൽവില നൽകുന്നതാണ്.

- എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും, 2025 മാർച്ച് 1 മുതൽ 31 വരെ മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാനമാക്കി, 2025 മാർച്ച് മാസത്തെ മൂന്നാമത്തെ പാൽവിലയോടൊപ്പം അധിക പാൽവില നൽകുന്നതാണ്.

ക്ഷീര സംഘങ്ങൾക്ക് പാൽ വിലയിലൂടെ മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) അതാതു മിൽക്ക് ബിൽ പേയ്മെന്റിന്റെ കൂടെ, സംഘത്തിൽ പാലൊഴിച്ച ക്ഷീര കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസ ങ്ങളിൽ ഇപ്പോൾ അനുവദിച്ച അധിക പാൽ വിലയായ ലിറ്ററിന് 1.50 രൂപ, ക്യാഷ് ബുക്കിൽ 2025 ഏപ്രിൽ മാസം 15-നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി&ഐ യൂണിറ്റ് ഉദ്യോഗസ്ഥർക്ക്, 2025 ഏപ്രിൽ മാസം 25-നു മുമ്പായി സമർപ്പിക്കേണ്ടതാണ്.

**2024-25 സാമ്പത്തിക വർഷം മലബാർ മേഖലയിലെ ക്ഷീരകർഷകരിലേക്ക് 45 കോടി രൂപ അധികപാൽ വിലയായും, കാലിത്തീറ്റ സബ്സിഡിയായും ഇതുവരെ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള അധിക പാൽ വിലയായ 9 കോടിയോളം രൂപയും** ചേർത്ത് **ആകെ 54 കോടിയോളം രൂപ** ഈ സാമ്പത്തിക വർഷത്തിൽ ക്ഷീര സംഘങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) അധിക പാൽ വിലയായും കാലിത്തീറ്റ സബ്സിഡിയായും ക്ഷീര സംഘങ്ങൾക്ക് കൈമാറിയത് 49 കോടി രൂപയായിരുന്നെങ്കിൽ ഇതുവരെയുള്ള ഈ സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 54 കോടി രൂപയാണ്. ആയത് കൊണ്ട് തന്നെ മേഖലാ യൂണിയന്റെ എക്കാലത്തെയും മികച്ച നേട്ടം കൈവരിച്ച സാമ്പത്തിക വർഷമായി മാറുകയാണ് 2024-25 സാമ്പത്തിക വർഷം.

27/3/25

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. CALICUT

യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

**പകർപ്പ് : - മേൽ നടപടികൾക്കായി**

(1) ജനറൽ മാനേജർ
(2) സീനിയർ മാനേജർ,കോഴിക്കോട്/പാലക്കാട് ഡെയറി.
(3) എല്ലാ ഡെയറി മാനേജർമാർക്കും
(4) മാനേജർ (പി ആന്റ് ഐ),
(5) മാനേജർ (എം.ഐ.എസ് & എസ്)
(6) മാനേജർ (ഫിനാൻസ്)
(7) ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
(8) പി&ഐ സബ് യൂണിറ്റ് മേധാവികൾ
(9) മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്

**പകർപ്പ് : - അറിവിലേയ്ക്കായി**

(1) ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
(2)മാനേജർ,എം.പി.എഫ്
(3) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(4) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(5) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
(6)അസിസ്റ്റന്റ്ഡയറക്ടർ (ഓഡിറ്റ്)
(7)www.mrcmpu.com/E-Stock Files

## 2025 മാർച്ച് 1 മുതൽ 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ....................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2025 മാർച്ച് 1, മുതൽ 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2025 മാർച്ച് 1 മുതൽ 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2025 മാർച്ച് 1 മുതൽ 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2025 മാർച്ച് 1 മുതൽ 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------

6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ

   (.......... രൂപ പ്രകാരം)

7. 2025 മാർച്ച് 1 മുതൽ 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2025 മാർച്ച് 1 മുതൽ 31 വരെ സംഘം സംഭരിച്ച .................................... ലിറ്റർ പാലിന് അധികവിലയായി ................................രൂപ (........................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത് ...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.................................................................. ക്ഷീരോൽപ്പാദക സഹകരണ സംഘം 2025 മാർച്ച് 1 മുതൽ 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ....................... തിയ്യതി പരിശോധിച്ചു. ആയതിനാൽ ...................... രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി

**2025 ഫെബ്രുവരി 1 മുതൽ 28 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് :

കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ....................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2025 ഫെബ്രുവരി 1 മുതൽ 28 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2025 ഫെബ്രുവരി 1 മുതൽ 28 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2025 ഫെബ്രുവരി 1 മുതൽ 28 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2025 ഫെബ്രുവരി 1 മുതൽ 28 വരെ മിൽമയിൽ നൽകിയ പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (.......... രൂപ പ്രകാരം)
7. 2025 ഫെബ്രുവരി 1 മുതൽ 28 വരെ സംഭരിച്ച പാലിന് കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2025 ഫെബ്രുവരി 1 മുതൽ 28 വരെ സംഘം സംഭരിച്ച ................................... ലിറ്റർ പാലിന് അധികവിലയായി ................................രൂപ (........................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത് ...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ്

സെക്രട്ടറി (ഒപ്പ്)

................................................................ ക്ഷീരോൽപ്പാദക സഹകരണ സംഘം 2025 ഫെബ്രുവരി 1 മുതൽ 28 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ....................... തിയ്യതി പരിശോധിച്ചു. ആയതിനാൽ ...................... രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി

**2025 ജനുവരി 1 മുതൽ 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദ വിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ....................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2025 ജനുവരി 1 മുതൽ 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2025 ജനുവരി 1 മുതൽ 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2025 ജനുവരി 1 മുതൽ 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2025 ജനുവരി 1 മുതൽ 31 വരെ മിൽമയിൽ നൽകിയ
   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ
   (.......... രൂപ പ്രകാരം)
7. 2025 ജനുവരി 1 മുതൽ 31 വരെ സംഭരിച്ച പാലിന്
   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2025 ജനുവരി 1 മുതൽ 31 വരെ സംഘം സംഭരിച്ച .................................... ലിറ്റർ പാലിന് അധികവിലയായി ...............................രൂപ (.................................................................................. രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത് ...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.................................................................. ക്ഷീരോൽപ്പാദക സഹകരണ സംഘം 2025 ജനുവരി 1 മുതൽ 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ...................... തിയ്യതി പരിശോധിച്ചു. ആയതിനാൽ ...................... രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി